**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 806**

**5.06.2018 -ൽ മറുപടിയ്ക്ക്**

## കാപ്പാടിന്റെ വിനോദ സഞ്ചാര വികസനത്തിന് പദ്ധതികൾ

| ചോദ്യം<br>ശ്രീ.കെ. ദാസൻ : | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കാപ്പാട് കടൽത്തീരത്തെ ബ്ലൂഫ്ലാഗ് അക്രഡിറ്റേഷനുവേണ്ടി പരിഗണിച്ച സാഹചര്യത്തിൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷനു വേണ്ടി നാമനിർദ്ദേശം ചെയ്യപ്പെട്ട കാപ്പാട് തീരത്ത് പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ശ്രീ.സഞ്ജയ് ജല്ലയുടെ നേതൃത്വത്തിൽ 14.3.2018-ന് MLA യുടെ സാന്നിദ്ധ്യത്തിൽ സ്ഥലം സന്ദർശിക്കുകയും , ബഹു. ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും അക്രഡിറ്റേഷൻ ലഭ്യമാവുന്നതിനു വേണ്ടി നടപ്പിൽ വരുത്തേണ്ട കാര്യങ്ങളെ കുറിച്ച് പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തുടർനടപടി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് കാര്യങ്ങൾ പരിശോധിച്ചുവരുന്നു. |
| ബി) | സംസ്ഥാനത്ത് ബ്ലൂഫ്ലാഗ് അക്രഡിറ്റേഷനുവേണ്ടി പരിഗണിച്ച ഏക കടൽത്തീരമെന്ന നിലയിൽ കാപ്പാടിന്റെ വിനോദ സഞ്ചാര വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ; | ബി) | കേന്ദ്ര സർക്കാരിന്റെ (MOEF &CC ) അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനുവദനീയമായിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| സി) | കാപ്പാട് വിനോദ സഞ്ചാര വികസനത്തിൽ കെ.ടി.ഡി.സി. പുതുതായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | സി) | നിലവിൽ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ